# Deepika

## 24 August 2018

## Thiruvananthapuram: Dam opening

### ബാണാസുര ഡാം: മുന്നറിയിപ്പു നല്കാറില്ല

**തിരുവനന്തപുരം:** വയനാട്ടിലെ ബാണാസുര സാഗർ ഡാം മുന്നറിയിപ്പില്ലാതെ തുറന്നു എന്നത് അടിസ്ഥാനരഹിതമായ ആക്ഷേപമാണെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. ബാണാസുര സാഗർ ഡാം എല്ലാ വർഷവും നിറയുന്നതും മുന്നറിയിപ്പില്ലാതെ തുറക്കാറുള്ളതുമായ ഡാമുകളുടെ പട്ടികയിൽ പെടുന്നതാണ്. ഈ അണക്കെട്ട് ഇങ്ങനെ ഈ ഘട്ടത്തിൽ തുറക്കുമെന്ന കാര്യം നാട്ടുകാർക്കറിയാമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

ചാലക്കുടി പുഴയിൽ കേരളത്തിന്റെ നിയന്ത്രണത്തിൽ ഷോളയാർ, പെരിങ്ങൽക്കുത്ത് ഡാമുകളാണുള്ളത്. എല്ലാ വർഷവും കവിഞ്ഞൊഴുകുന്നതുമായ ഡാമുകളാണ് രണ്ടും. ഇത്തവണ കനത്ത മഴ പെയ്തതിനെ തുടർന്ന് നീരൊഴുക്ക് ക്രമാതീതമായി കൂടി. പറമ്പിക്കുളം, തമിഴ്നാടിന്റെ ഷോളയാർ ഡാമുകളിൽ നിന്നുള്ള വെള്ളം കൂടി വന്നതോടെ ചാലക്കുടിയുടെ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളപ്പൊക്കമുണ്ടായി. അതാണ് സംഭവിച്ചത്.